(ബി) ഇതിനകം എന്തെല്ലാം പരാതികളാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്;

(സി) ഏതെല്ലാം സ്ഥാപനങ്ങളെ സംബന്ധിച്ച് ഏതെല്ലാം പരാതികളിന്മേൽ അന്വേഷണം നടത്തുകയുണ്ടായി;

(ഡി) സർക്കാർ നടത്തിയ അന്വേഷണങ്ങളെത്തുടർന്ന് ഏതെല്ലാം സ്ഥാപനങ്ങളിലെ ആർക്കെല്ലാം എതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുകയുണ്ടായി?

*ഉത്തരം*

(എ) & (ബി) കെ. എം. എം. എൽ.-ൽ 760 കോടി രൂപ ചെലവാക്കി നടപ്പാക്കുന്ന ഓക്സിജൻ പ്ലാന്റ്, ഡീസാലിനേഷൻ പ്ലാന്റ്, കെ. എം. എം. എൽ.-എം.എസ്. യൂണിറ്റിന്റെ വികസനം മുതലായവയെ സംബന്ധിച്ച് അഴിമതിയാരോപിച്ച് കമ്പനിയിലെ തൊഴിലാളികൾ പരാതി നൽകിയിട്ടുണ്ട്.

റിക്രൂട്ട്മെന്റ് നടപടിക്രമങ്ങൾ അനുസരിച്ച് 1995-ൽ ട്രെയിനികളായി നിയമനം നൽകിയ 70 പേരെ സർവീസിൽ സ്ഥിരപ്പെടുത്തുമെന്നത് സംബന്ധിച്ച് ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിലെ യൂണിയൻ പ്രതിനിധികൾ സർക്കാരിൽ പരാതി നൽകിയിട്ടുണ്ട്. കൂടാതെ 2004-ഏപ്രിൽ മാസത്തിൽ കമ്പനിയുടെ ക്യാഷ് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ ഏകദേശം 16 ലക്ഷം രൂപയുടെ തിരിമറി കണ്ടെത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്ത് ആഭ്യന്തര അന്വേഷണം നടത്തിവരുകയും ചെയ്യുന്നു. വിജിലൻസ് ഡിപ്പാർട്ട്മെന്റിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇക്കാര്യം അന്വേഷിക്കുന്നുണ്ട്.

മലബാർ സിമന്റ്സിലെ റിസപ്ഷനിസ്റ്റ്-കം-ടെലിഫോൺ ഓപ്പറേറ്ററുടെ നിയമനം, പ്രമോഷനുകളും നിയമനങ്ങളും സംബന്ധിച്ച പരാതി, ചേർത്തല യൂണിറ്റിൽ കരാർ ജോലി നൽകിയതു സംബന്ധിച്ച പരാതി, കരാർ തൊഴിലാളികളുടെ നിയമനം, ഡെപ്യൂട്ടേഷൻ എന്നിവ സംബന്ധിച്ച് പരാതികളും ലഭിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പരാതികളിലൊക്കെ സർക്കാർ നടപടികൾ എടുത്തുവരുന്നു.

(സി) & (ഡി) സർക്കാർ റിപ്പോർട്ടുകൾ വരുത്തി പരാതികൾ പരിശോധിച്ചിട്ടുണ്ട്. പണം തിരിമറി നടത്തിയതു സംബന്ധിച്ച് ട്രാവൻകൂർ സിമന്റ്സിൽ കമ്പനി തന്നെ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

**പവർലൂം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

11 [3449] *ശ്രീ കോടിയേരി ബാലകൃഷ്ണൻ*: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പവർലൂം വ്യവസായ രംഗത്ത് പുതിയ സംരംഭകർക്കുള്ള സാദ്ധ്യതാ പഠനം വ്യവസായ വകുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പവർലൂം വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ നിലവിൽ എന്തെല്ലാം നിലയിലുള്ള പ്രോത്സാഹനങ്ങളും സഹായങ്ങളും നൽകുന്നുണ്ട് എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാന ഗവൺമന്റ് കേന്ദ്ര സഹായത്തിനുവേണ്ടി എന്തെല്ലാം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്;

(ഡി) ഇൻഫ്രാസ്ട്രക്ച്ചർ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ; എങ്കിൽ എവിടെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു;

(ഇ) ഇതിനായി എത്ര ഹെക്ടർ സ്ഥലം എടുത്തിട്ടുണ്ട്; എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്തുമോ?

*ഉത്തരം*

(എ) പവർലൂം വ്യവസായത്തെ സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല.

(ബി) പവ്വർലൂം വ്യവസായ സംരംഭകർക്ക് വർക്ക്ഷെഡ് നിർമ്മിക്കുന്നതിന് ചതുരശ്ര അടിയ്ക്ക് 80 രൂപ സബ്സിഡി അനുവദിക്കുന്ന സ്കീം കേന്ദ്ര സർക്കാർ നടപ്പാക്കിവരുന്നു. ഇതു കൂടാതെ അത്യാധുനിക യന്ത്രത്തറികൾ വാങ്ങാനുള്ള വായ്പയ്ക്ക് 5 ശതമാനം പലിശ, സബ്സിഡി ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട് സ്കീം (റ്റി.യു.എഫ്.) പ്രകാരം അനുവദിക്കുന്നു. സംസ്ഥാന സർക്കാർ പവ്വർലൂം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ പ്രോജക്ട് കോസ്റ്റിന്റെ 25% തുക മാർജിൻ മണി വായ്പ നൽകുന്നു. കൂടാതെ പവ്വർലൂം സഹകരണ സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തവും അനുവദിച്ചുവരുന്നു.

(സി) കണ്ണൂർ ജില്ലയിൽ യന്ത്രത്തറി യൂണിറ്റുകൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ കൂടി വികസിപ്പിക്കുന്നതിന് റ്റി. സി. ഐ. ഡി. സ്കീം പ്രകാരം സമർപ്പിച്ച പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞു. മലപ്പുറം ജില്ലയിൽ 18.57 കോടി രൂപയുടെ ഒരു പവ്വർലൂം യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ എൻ. സി. ഡി. സി. യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ടെക്സ്റ്റയിൽ സെന്റർ ഇൻഫ്രാസ്ട്രക്ച്ചറൽ സ്കീം (റ്റി. സി. ഐ. ഡി.) കണ്ണൂർ ജില്ലയിൽ നടപ്പാക്കുന്നതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ തിരുവനന്തപുരം ജില്ലയിൽ റ്റി. സി. ഐ. ഡി. സ്കീം പ്രയോജനപ്പെടുത്തി യന്ത്രത്തറി പാർക്ക് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളും തയ്യാറാക്കിവരുന്നു.

(ഇ) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ കോവേരി, പന്നിയൂർ വില്ലേജുകളിലായി 125 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തുകഴിഞ്ഞു. ഇവിടെ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ വെള്ളം, വൈദ്യുതി, റോഡ്, വർക്ക് ഷെഡുകൾ, എഫ്ലുവെന്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly